പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3012 — 13.07.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

**കരിമണൽ കടത്ത്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ കരിമണൽ കടത്തിയതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) ലഭിച്ചിട്ടുണ്ട്. കരിമണൽ കടത്ത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി<br>i) IGP, CBCID OCW CSO, Tvpm<br>ii) SP, CBCID STATS, Tvpm<br>Iii) DYSP, CBCID, EOW-1, Kollam<br>iv) DYSP, CBCID, OCW-1, Kollam. എന്നിവരടങ്ങിയ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ശക്തമായ പട്രോളിംഗ് നടത്തിവരുന്നതാണ്. ബഹു.ആഭ്യന്തര വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ പ്രസ്തുത അന്വേഷണ സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുള്ളതും കരിമണൽ ഖനനം സർക്കാരിന്റെ നിയന്ത്രണത്തിലാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. |
| (ബി) കരിമണൽ കടത്തിനെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്; അവ ഓരോന്നിലെയും പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) കരിമണൽ കടത്തുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (1) തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം.667/2013ാം കേസിലെ പ്രതി ഷഹീദ് S/o അബ്ദുൾ അസീസ് (2) കായംകുളം പി.എസ് ക്രൈം നം. 2048/2013ാം കേസിലെ പ്രതികൾ ജയചന്ദ്രൻ, അശോകൻ എന്നിവരാണ്. |

| | | |
|---|---|---|
| (സി) | കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ തീരപ്രദേശങ്ങളിൽ മണൽ മാഫിയ സംഘം കരിമണൽ കടത്ത് തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (സി) ചില സന്ദർഭങ്ങളിൽ കരിമണൽ കടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതിന് നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മണൽ മാഫിയ സംഘം കരിമണൽ കടത്ത് തുടർന്ന് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 13.07.2015 - ൽ മറുപടി നൽകേണ്ടിയിരുന്ന " കരിമണൽ കടത്ത് " എന്ന 3012 -ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന് യഥാസമയം മറുപടി നൽകുന്നതിനുണ്ടായ കാലതാമസത്തിനുള്ള കാരണം സംബന്ധിച്ച പത്രിക**

ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി 13.07.2015 - ൽ മറുപടി നൽകേണ്ടിയിരുന്ന 3012 -ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിൽ ഭരണപരമായ കാലതാമസം നേരിട്ടതിനാൽ പ്രസ്തുത മറുപടി യഥാസമയം നിയമസഭയിൽ എത്തിക്കുവാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിലുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബിന്ദു തങ്കച്ചി എം. കെ
ജോയിന്റ് സെക്രട്ടറി
ആഭ്യന്തര വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം